# MERUVAMBAYI M U P SCHOOL

## BASIC SCIENCE

# സസ്യലോകത്തെ അടുത്തറിയാം

## WORKSHEET 1.8

**STD V**
**30/07/2020**

Online Class കാണാൻ ഇവിടെ ഒന്ന് തൊട്ടുനോക്കൂ.......






## ആരോഹികൾ (Climbers)

മറ്റു ചെടികളിൽ പടർന്നു കയറുന്ന ദുർബലകാണ്ഡ സസ്യങ്ങളാണ് ആരോഹികൾ. താങ്ങുകളിൽ ചുറ്റിപ്പിടിക്കുന്നതിനായി ഇവയിൽ കാണപ്പെടുന്ന സ്പ്രിങ് പോലുള്ള ഭാഗങ്ങളാണ് പ്രതാനങ്ങൾ (Tendrils). ചില സസ്യങ്ങൾ പറ്റുവേരുകൾ ഉപയോഗിച്ചാണ് മറ്റു ചെടികളിൽ പിടിച്ചു കയറുന്നത്. കുരുമുളക്, പാവൽ, പടവലം എന്നിവയെല്ലാം ആരോഹികളാണ്.

## ഇഴവള്ളികൾ (Creepers)

നിലത്ത് പടർന്നു വളരുന്ന ദുർബലകാണ്ഡ സസ്യങ്ങളാണ് ഇഴവള്ളികൾ. മധുരക്കിഴങ്ങ്, കൊടങ്ങൽ, സ്ട്രോബെറി എന്നിവ ഇഴവള്ളികളാണ്. ഇവയിൽ പ്രതാനങ്ങളോ പറ്റുവേരുകളോ ഇല്ല.

## ശവോപജീവികൾ(Saprophytes)

**ജീർണാവശിഷ്ടങ്ങളിൽ നിന്ന് പോഷകഘടകങ്ങൾ ആഗിരണം ചെയ്ത് വളരുന്ന് സസ്യങ്ങളെ ശവോപജീവികൾ(Saprophytes) എന്നു പറയുന്നു. ഉദാ:- പൂപ്പലുകൾ**



## <u>പ്രവർത്തനം 1</u>

**a) കുണകളുടെ നിറം നോക്കൂ... ഹരിതകമില്ലാത്ത ഇവയ്ക്ക് വളരാൻ വേണ്ട ആഹാരം എവിടെ നിന്നാണ് ലഭിക്കുന്നത്?**







**b) റൊട്ടിയുടെ പൂപ്പൽ ഏത് വിഭാഗത്തിൽ പെടുന്നു?**




റൊട്ടിയിലെ പൂപ്പൽ

## പ്രവർത്തനം2



| പാവലിന്റെ കൂട്ടുകാർ | കൊടങ്ങലിന്റ കൂട്ടുകാർ | കുണകളുടെ കൂട്ടുകാർ |
|---|---|---|
| പാഷൻഫ്രൂട്ട്<br>•<br>•<br>•<br>•<br>• | മണി പ്ലാന്റ്<br>•<br>•<br>•<br>•<br>• | റൊട്ടിപ്പൂപ്പൽ<br>•<br>•<br>•<br>•<br>• |

## പ്രവർത്തനം 3

| ആരോഹികൾ | ഇഴവള്ളികൾ |
|---|---|
| ● ദുർബലകാണ്ഡ സസ്യങ്ങളാണ്.<br>● ……………………<br>● …………………….. | ● ………………………<br>● പ്രതാനങ്ങളോ പറ്റുവേരുകളോ ഇല്ല.<br>● …………………….. |

Online class കണ്ടതിനു ശേഷം വർക്ക്ഷീറ്റ് നന്നായി വായിക്കുക. അതിനു ശേഷം തന്നിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുക.

**എല്ലാവരും മുഴുവൻ പ്രവർത്തനങ്ങളും ചെയ്ത് ടീച്ചർക്ക് അയച്ചു തരുമല്ലോ ……**




Meruvambayi M UP School